മത്സ്യക്കുഞ്ഞുങ്ങളുടെ സംരക്ഷണവും മത്സ്യസമ്പദ്‌വ്യവസ്ഥയുടെ പുനരുജ്ജീവനവും

15 (*465) ശ്രീ. കെ. അജിത് :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യക്കുഞ്ഞുങ്ങളുടെ സംരക്ഷണം ഉറപ്പാക്കാനും മത്സ്യ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) വൻകിട ഫിഷ് പ്ലാന്റുകളിലേക്കും വളം ഫാക്ടറികളിലേക്കും മത്സ്യ കുഞ്ഞുങ്ങളെ കടത്തികൊണ്ടുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) വൻകിട ഫിഷ് പ്ലാന്റുകളിലേയ്ക്കും വളം ഫാക്ടറികളിലേയ്ക്കും മത്സ്യക്കുഞ്ഞുങ്ങളെ കടത്തിക്കൊണ്ടുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വളത്തിനായും മറ്റും ചെറുമീനുകളെ കടത്തിക്കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഇപ്രകാരമുള്ള യാനം ഇംപൗണ്ട് ചെയ്യുകയും ആവശ്യമായ ശിക്ഷണ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. ഇപ്രകാരം ചെറുമീനുകളെ പിടിക്കുന്നത് തടയുന്നതിനായി പിടിക്കാവുന്ന മത്സ്യത്തിന്റെ ഏറ്റവും കുറഞ്ഞ അളവ് നിജപ്പെടുത്തി പ്രസ്തുത വലിപ്പത്തിൽ കുറഞ്ഞ മത്സ്യങ്ങളെ പിടിക്കുന്നത് നിരോധിക്കുന്നതിനായി KMFR Act-ൽ ഭേദഗതി വരുത്തുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly